അടച്ചു കഴിഞ്ഞ മീറ്റർ വാടക ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി

*5 [442] ശ്രീ. സി. മമ്മൂട്ടി:
,, കെ. എൻ. എ. ഖാദർ:
,, ടി. പി. എം. സാഹിർ:
,, സി. മോയിൻകുട്ടി:
,, ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :-

(എ) വൈദ്യുതി കണക്ഷൻ അനുവദിക്കുമ്പോൾ ആവശ്യമായ മീറ്റർ, സർവ്വീസ് വയർ തുടങ്ങിയ സാധനങ്ങളുടെ വില അപേക്ഷകനിൽ നിന്നും ഈടാക്കാറുണ്ടോ;

(ബി) ഇതിന്റെ വില അടച്ചുകഴിഞ്ഞാൽ മീറ്ററിന് ആരാണ് അവകാശി എന്ന് വെളിപ്പെടുത്തുമോ;

(സി) വില അടച്ചു കഴിഞ്ഞാലും ഉപഭോക്താവിൽ നിന്നും മീറ്റർ വാടക ഈടാക്കുന്നതിന്റെ ന്യായീകരണം വിശദമാക്കുമോ;

(ഡി) വില അടച്ചു കഴിഞ്ഞതിനാൽ മീറ്ററിന് വാടക ഉപഭോക്താവിൽ നിന്ന് ഈടാക്കുന്നത് നിർത്തിവെക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ ഇനത്തിൽ ഇപ്പോൾ പിരിഞ്ഞുകിട്ടുന്ന തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇല്ല.

(ബി & സി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല.

(ഡി) സ്വന്തമായി മീറ്റർ വാങ്ങി ടെസ്റ്റ് ചെയ്ത് സ്ഥാപിക്കുന്ന ഉപഭോക്താക്കളെ മീറ്റർ വാടകയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഇ) 2004-05-ൽ വാടകയിനത്തിൽ 113.78 കോടി രൂപ പിരിഞ്ഞുകിട്ടി.

വൈദ്യുതി ബോർഡിനെ കടത്തിൽനിന്നും മോചിപ്പിക്കാൻ നടപടി

*6 [443] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, വർക്കല കഹാർ:
,, പ്രൊഫ. എ. ഡി. മുസ്തഫ:
,, പി. ടി. തോമസ്:
,, എം. എ. വാഹീദ് താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ വൈദ്യുതി ബോർഡിന് എന്ത് കടമുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly